മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 18

# വാർത്താക്കുറിപ്പ് (4)

---

ഉന്നത വിദ്യാഭ്യാസ പ്രദർശനം ഇന്നുകൂടി

## എവിടെ, എന്ത് പഠിക്കണം? ഉത്തരം ഇവിടെയുണ്ട്

കോട്ടയം: ഉന്നത പഠനത്തെക്കുറിച്ചുള്ള വിദ്യാർഥികളുടെ സംശയങ്ങൾക്ക് അറിവുകളുടെ സദ്യയുമായി എം.ജി. സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവലിലെ വിദ്യാഭ്യാസ പ്രദർശനം. ഡിഗ്രി, പി.ജി തലങ്ങളിൽ എന്ത് പഠിക്കണമെന്ന് കൃത്യമായ ധാരണയില്ലാത്തവർക്കും ഇഷ്ടവിഷയത്തിൽ തുടര് പഠനത്തിനും ഗവേഷണത്തിനും സാധ്യത തേടുന്നവർക്കും മുന്നിൽ പ്രദർശനം സാധ്യതകളുടെ വാതിൽ തുറക്കുകയാണ്.

പഠനത്തിനും ഗവേഷണത്തിനുപ്പുറം സംരംഭകത്വത്തിന്റെ വഴികളിലേക്കും യുനോയ 2023 വിദ്യാർഥികളെ ക്ഷണിക്കുന്നു. നാഗമ്പടം ഇൻഡോർ സ്റ്റേഡിയത്തിൽ രാവിലെ 10 മുതൽ വൈകിട്ട് ഏഴു വരെ നടക്കുന്ന പ്രദർശനം ഇന്ന്(ജനുവരി 19) വൈകുന്നേരം സമാപിക്കും.

സർവകലാശാലയിലെ വകുപ്പുകളുടെയും അഫിലിയേറ്റഡ് കോളജുകളുടെയും ഉൾപ്പെടെ എഴുപത്തിയഞ്ചു സ്റ്റാളുകളാണ് പ്രദർശനത്തിലുള്ളത്. സംസ്ഥാനത്ത് ആദ്യമായി ഒരു സർവകലാശാല സംഘടിപ്പിക്കുന്ന വിദ്യാഭ്യാസ പ്രദർശനത്തിൽ രണ്ടാം ദിവസമായ ഇന്നലെ വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും വൻ തിരക്കുണ്ടായി.

ഹയർ സെക്കൻഡറിക്കു ശേഷം തിരഞ്ഞെടുക്കാവുന്ന നിരവധി ഇൻറഗ്രേറ്റഡ് കോഴ്സുകളെക്കുറിച്ച് കുട്ടികളുമായി സംവദിക്കാൻ ഓരോ സ്റ്റാളിലും അക്കാദമിക് വിദഗ്ധരുടെ സേവനമുണ്ട്.

പഠനത്തിനായി വിദേശ സർവകലാശാലകളെ ആശ്രയിക്കേണ്ടിയിരുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക്സ് പോലെയുള്ള കോഴ്സുകൾ സർവകലാശാലയിലെ പഠന കേന്ദ്രങ്ങളിലും കോളജുകളിലുമുണ്ട്. ഇത്തരം കോഴ്സുകൾക്ക് രാജ്യാന്തര നിലവാരത്തിലുള്ള സൗകര്യങ്ങളൊരുക്കിയാണ് ഈ സ്ഥാപനങ്ങൾ വിദ്യാർഥികളെ സ്വാഗതം ചെയ്യുന്നത്.

പല കോളജുകളിലും മികച്ച നിലയിൽ പ്രവർത്തിക്കുന്ന പ്ലേസ്മെന്റ് സെല്ലുകൾ പ്രവർത്തിക്കുന്നു. രാജ്യത്തെ മുൻനിര കമ്പനികളാണ് കാമ്പസ് ഇന്റർവ്യൂവിലൂടെ വിദ്യാർഥികളെ സ്വന്തമാക്കുന്നത്.

കാലത്തിന്റെ മാറ്റത്തിനൊത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലുണ്ടായ വളർച്ചയാണ് പ്രദർശനത്തിലൂടെ വ്യക്തമാകുന്നതെന്ന് വൈസ് ചാന്സസലർ ഡോ. സാബു തോമസ് പറഞ്ഞു.

## സിനിമ ആസ്വദിക്കുന്നതും കലയാണ് – കമൽ

സിനിമ ആസ്വദിക്കുന്നതും കലയാണെന്ന് ചലച്ചിത്ര സംവിധായകൻ കമൽ. എം.ജി സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവൽ –യുനോയ 2023ലെ ചലച്ചിത്രോത്സവത്തിന്റെ ഓപ്പണ് ഫോറത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സിനിമ ആസ്വദിക്കുന്നതിനും പഠനം ആവശ്യമുണ്ട്. ഭാവുകത്വം തിരിച്ചറിയാനുള്ള കഴിവ് നേടി ആസ്വദിക്കുമ്പോഴാണ് അതിൽ കലയുണ്ടാകുന്നത്. അതാണ് ചലച്ചിത്ര മേളകളുടെ പ്രസക്തിയും.

ശരിയായ വീക്ഷണത്തോടെ നടത്തുന്ന ചലച്ചിത്ര മേളകൾക്ക് സ്വീകാര്യതയേറും. അതുതന്നെയാണ് ഐ.എഫ്.എഫ്.കെയുടെ വളർച്ചയ്ക്ക് കാരണം. സിനിമയിലൂടെ സമരം ചെയ്യുന്നവരുടെ കാലമാണിതെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം-അദ്ദേഹം പറഞ്ഞു.

സംവിധായകരായ സജ്ഞ സുരേന്ദ്രൻ, സുധി അന്ന,സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. അനിത, മഴവില്ല് വനിതാ ഫിലിം സൊസൈറ്റി സെക്രട്ടറി ഹേന ദേവദാസ്, വി.എസ്. ബിന്ദു, പാർവതി ചന്ദ്രൻ എന്നിവർ പങ്കെടുത്തു.

ചലച്ചിത്രോത്സവത്തിൽ ഇന്നലെ മാസിഡോണിയൻ ചിത്രമായ ഗോഡ് എക്സിസ്റ്റ്സ് ഇൻ ഹെർ നെയിം ഇസ് പെട്രൂണിയ, ഫ്രഞ്ച് -ഗ്രീക്ക് -അൾജീരിയന് ചിത്രമായ ഐ സ്റ്റിൽ ഹൈഡ് ടു സ്മോക്ക്, ഇറേനിയൻ ചിത്രം ഓഫ് സൈഡ് എന്നിവ പ്രദർശിപ്പിച്ചു.

കോട്ടയത്തെ മഴവില്ല് വനിതാ ഫിലം സൊസൈറ്റിയുടെ സഹകണരണത്തോടെ സംഘടിപ്പിച്ചിരിക്കുന്ന ചലച്ചിത്രോത്സവത്തിൽ ഇന്ന് (ജനവരി 19) രാവിലെ 10ന് കൊളംബിയൻ ചിത്രം എംബ്രേസ് ഓഫ് സെർപ്പെൻറും ഉച്ചയ്ക്ക് 1.30ന് ഈവൻ ദ റെയിനും പ്രദർശിപ്പിക്കും. ഉച്ചകഴിഞ്ഞ് 3.15ന് ഓപ്പൺ ഫോറം നടക്കും.

(പി.ആർ.ഒ./39/82/2023)

## ബഹുസ്വരതയാണ് ഇന്ത്യയെന്ന ആശയം
## - ഡോ. സുനിൽ പി. ഇളയിടം

ഇന്ത്യയെന്ന ആശയം ബഹുസ്വരതയാണെന്ന് തിരിച്ചറിയാൻ കഴിയണമെന്ന് ഡോ. സുനിൽ പി. ഇളയിടം പറഞ്ഞു. എം.ജി. സർവകലാശാലാ അക്കാദമിക് കാർണിവൽ- യുനോയ 2023ന്റെ ഭാഗമായി കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ ഇന്ത്യ ചരിത്ര വിജ്ഞാനീയവും ഇന്ത്യ എന്ന ആശയവും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.
മതകേന്ദ്രീകൃത ചിന്തയെ പിന്നിട്ട് രാജ്യത്തിന്റെ ഭൂതകാലത്തെ മോചിപ്പിക്കാനാകണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഡോ. അജു കെ. നാരായണൻ മോഡറേറ്ററായിരുന്നു. സർവകലാശാല ജോയിന്റ് രജിസ്ട്രാർ ബാബുരാജ് വാര്യർ ഡോ. സുനിൽ പി. ഇളയിടത്തിന് ഉപഹാരം സമ്മാനിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ